## ആറളം ഫാമിന്റെ പ്രവർത്തനം

* 198. [723] പ്രൊ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

ആറളം ഫാമിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഗവൺമെന്റു് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

കൃഷിയും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. ഒ. കോരൻ)

ഫാമിനാവശ്യമായ 12000 ഏക്കർ പൊന്നുംവിലയ്ക്കു് എടുക്കുവാനുള്ള സ്റ്റാഫിനേയും, പൊന്നുംവിലയ്ക്കു് എടുക്കുന്നതിനു മുന്നോടിയായി ചെയ്തുതീർക്കേണ്ട സർവ്വേ, വൃക്ഷാദികളുടെ വില തിട്ടപ്പെടുത്തുക മുതലായ ജോലികൾ ചെയ്യേണ്ടതിലേക്കു് ഉള്ള സ്റ്റാഫിനെയും 20–5–1969നുതന്നെ നിശ്ചയിച്ചിരുന്നു. ഈ വക ജോലികളുടെ മേൽനോട്ടം വഹിച്ചു് ആവശ്യമായ നിർദ്ദേശം നൽകുവാൻ കണ്ണൂർ കളക്ടരെ അധികാരപ്പെടുത്തിയിട്ടുണ്ടു്. കൂടാതെ, കണ്ണൂർ കളക്ടരിൽനിന്നും ഓരോമാസത്തിലും ഫാമിന്റെ പ്രോഗ്രസ് റിപ്പോർട്ടു് വരുത്തി പരിശോധിക്കുകയും, ആവശ്യമായ നിർദ്ദേശങ്ങൾ തക്കസമയത്തു് കൊടുത്തുവരികയും ചെയ്തുവരുന്നുണ്ടു്.

## ഇലക്ട്രിസിറ്റി ബോർഡിലെ എൻ. എം. ആർ. തൊഴിലാളികൾ

* 199. [724[ ശ്രീ. എം. കെ. അപ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ എൻ. എം. ആർ. തൊഴിലാളികളെ നിയമിക്കുന്നതിലുള്ള നടപടിച്ചട്ടം എന്തു്.

(ബി) കോഴിക്കോടു ജില്ലയിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ വേണ്ടത്ര എൻ. എം. ആർ. തൊഴിലാളികൾ ഇല്ലാത്തതിനാൽ പ്രവൃത്തി പുരോഗമിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. സി അച്യുതമേനോൻ)

(എ) ഓരോ ഡിവിഷനിലും, 1–10–65 നും 1–6–68 നും മിടക്കു് സി. എൽ. ആർ—ൽ ജോലി ചെയ്തിട്ടുള്ളവരുടെ വെയിറ്റിംഗ് ലിസ്റ്റിൽ നിന്നു് നിശ്ചിതയോഗ്യതകളുള്ളവരെ ഇലക്ട്രിസിറ്റി വർക്കേഴ്സ് (എൻ. എം. ആർ.) ആയി നിയമിക്കണമെന്നാണു് വ്യവസ്ഥ. വെയിറ്റിംഗ് ലിസ്റ്റു് ഇല്ലാത്ത ഡിവിഷനുകളിൽ, നിശ്ചിതയോഗ്യതകളുള്ളവരെ ഇലക്ട്രിസിറ്റി വർക്കേഴ്സ് ആയി നേരിട്ടു നിയമനം നടത്താമെന്നും വ്യവസ്ഥയുണ്ടു്. ഇതുസംബന്ധമായി ഇലക്ട്രിസിറ്റിബോർഡ് ഉത്തരവു് പുറപ്പെടുവിച്ച തീയതി (26–9–1969) മുതൽ ഒരു കൊല്ലക്കാലത്തേയ്ക്കു, നേരിട്ടു നിയമനം നടത്തുമ്പോൾ, 20 ശതമാനം വേക്കൻസികൾ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി റിസർവ്വ് ചെയ്തിട്ടുണ്ടു്. അവരുടെ കാര്യത്തിൽ കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഏഴാം സ്റ്റാൻഡേർഡ് എന്നുള്ളതു് നാലാം സ്റ്റാൻഡേർഡ് എന്നതായി കുറവു ചെയ്തിട്ടുണ്ടു്. നേരിട്ടു നിയമനം നടത്തുമ്പോൾ 30 ശതമാനം വേക്കൻസികൾ ഐ. റ്റി. ഐ. ട്രെയിനിംഗു ലഭിച്ച

LIBRARY ARCHIVES Kerala Legislative Assembly